**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **27-01-2026 - ൽ മറുപടിയ്ക്ക്**

**മദ്യഷാപ്പുകളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016 ൽ നിലവിലുണ്ടായിരുന്ന സർക്കാരിന്റെ കാലാവധി കഴിയുന്ന സമയത്ത് സംസ്ഥാനത്ത് എത്ര കള്ള്ഷാപ്പ്, ബിവറേജസ് ഔട്ട്ലെറ്റുകൾ, ബാറുകൾ എന്നിവയുണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ; | (എ) | 2016-ൽ നിലവിലുണ്ടായിരുന്ന സർക്കാരിന്റെ കാലാവധി കഴിയുന്ന സമയത്ത് 5177 കള്ള് ഷാപ്പുകളും 309 ബിവറേജസ് ഔട്ട് ലെറ്റുകളും 29 ബാറുകളും ഉണ്ടായിരുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ കള്ള്ഷാപ്പ്, ബീവ്റേജസ് ഔട്ട്ലെറ്റുകൾ, ബാറുകൾ എന്നിവ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥനത്ത് നിലവിൽ 5171 കള്ള് ഷാപ്പുകളും 336 ബിവറേജസ് ഔട്ട് ലെറ്റുകളും 884 ബാറുകളും ഉണ്ട്. |
| (സി) | 2016 മുതൽ നാളിതുവരെ മദ്യ ഷാപ്പുകൾ തുടങ്ങുന്നതിന് അനുവാദം നൽകാൻ തദ്ദേശസ്ഥാപനങ്ങൾക്കും മറ്റുമുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ ഏതെല്ലാം ഇളവുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | 19/07/2012 ലെ GO(Ms) No.130/2012/TD ഉത്തരവ് പ്രകാരം പ്രഖ്യാപിക്കപ്പെട്ട 2012-13 കാലയളവിലെ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ അബ്കാരി ഷോപ്പുകൾ തുടങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി വേണമെന്ന നിബന്ധന 2017-ലെ കേരള പഞ്ചായത്ത് (ഭേദഗതി) ആക്റ്റിലൂടെ ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ